വാഴക്കാട് ഗ്രാമപഞ്ചായത്ത്

വാഴക്കാട് പോസ്റ്റ്, മലപ്പുറം ജില്ല, PIN - 673640
ഫോൺ: 0483 2725232
ഈ-മെയിൽ: mpmvazhakkadgp@gmail.com

വാഴക്കാട്ഗ്രാമപഞ്ചായത്ത്
തിയതി : 28-10-2026

ഇ-ദർഘാസ് പരസ്യം

വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2026-2027 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്ട്രീറ്റ് ലൈറ്റ് പർച്ചേയ്സ് (411/2026-27) എന്ന പദ്ധതി നടപ്പാക്കുന്നതിനായി സ്ട്രീറ്റ് ലൈറ്റ് സപ്ലൈ ചെയ്യുന്നതിന് അംഗീകൃത ഏജൻസികൾ / സ്ഥാപനങ്ങൾ / അനുമതിയുള്ള വ്യക്തികൾ / അംഗീകൃത വിതരണക്കാർ എന്നിവരിൽ നിന്നും മത്സരാധിഷ്ഠിത ഇ -ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ തുക	നിരതദ്രവ്യം	ഫോം വില
411/2027	സ്ട്രീറ്റ് ലൈറ്റ് പർച്ചേയ്സ്	സെക്രട്ടറി	500000	5000	1000 + GST

SL.NO	NAME OF THE ITEM	UNIT
1	25 WATTS ISI CERTIFIED LED BULB WITH MINIMUM 2 YEAR WARRANTY	1
2	50 WATTS ISI CERTIFIED LED BULB WITH MINIMUM 2 YEAR WARRANTY	1
3	2.5 SQ.MM 2 CORE ALUMINIUM CABLE	1
4	HANGING HOLDER	1
5	SWITCH AND SWITCH BOX	1
6	INSTALLATION TAP	1
7	FIBER BULB SHADE	1
8	STREET LIGHT SENSOR	1
9	STREET LIGHT BEND PIPE AND NET BOLT	1
10	ABC CONNECTOR	1

ഇ-ദർഘാസ് ഫോമുകൾ 28/10/2026 ബുധനാഴ്ച വൈകീട്ട് 06.00 മണി മുതൽ 10/11/2026 ചൊവ്വാഴ്ച വൈകിട്ട് 05.00 മണി വരെ ഓൺലൈനിൽ സമർപ്പിക്കാവുന്നതുമാണ്. പൂരിപ്പിച്ച ഇ-ദർഘാസ് ഫോമുകൾ രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേന ലഭ്യമാക്കേണ്ടതും 13/11/2026 വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് തുറന്നു പരിശോധിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി
വാഴക്കാട് ഗ്രാമപഞ്ചായത്ത്

നിബന്ധനകൾ

1. ഇ-ദർഘാസ് ഫോമുകൾ ഇ-ടെണ്ടർ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇ-ദർഘാസിനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും, ദർഘാസ് ഫോം വിലയും ബാങ്ക് മുഖേന ഓൺലൈനായി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ഇ-ദർഘാസ് ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്. നെറ്റ് വർക്ക് തകരാർ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെണ്ടർ സ്വീകരിക്കുന്നയാൾ ഉത്തരവാദിയായിരിക്കുന്നതല്ല.
2. സാധനങ്ങളുടെ എല്ലാ നികുതികളും കയറ്റിറക്ക് ചാർജ്ജ് ഉൾപ്പെടെ ഒരെണ്ണം ഗ്രാമപഞ്ചായത്ത് ആഫീസിൽ എത്തിച്ചു നൽകുന്നതിനുള്ള തുകയാണ് ഇ ടെന്ററിൽ രേഖപ്പെടുത്തേണ്ടത്. ടെണ്ടറിൽ രേഖപ്പെടുത്തുന്ന ഐറ്റം , ബ്രാൻഡ്, വാറണ്ടി ടൈപ്പ് (Replacement, Repair, Pro Rata) എന്നിവ ദർഘാസുകളോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്.
3. ടെണ്ടർ അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ഗ്രാമപഞ്ചായത്തുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സ്ഥലത്തും സമയത്തും സാമഗ്രികൾ സപ്ലൈ ചെയ്യേണ്ടതാണ്.
4. പ്രിലിമിനറി എഗ്രിമെന്റ് , ഇ-പേയ്മെന്റ് ഫോം , ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവ അപ്ലോഡ് ചെയ്യാത്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
5. പ്രിലിമിനറി എഗ്രിമെന്റ് , ഇ - പേയ്മെന്റ് ഫോം , ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവയുടെ ശരിപകർപ്പ് / അസ്സൽ ദർഘാസ് തുറന്നു പരിശോധിക്കുന്നതിനുമുമ്പായി രജിസ്റ്റേർഡ് തപാൽ മുഖേനയോ , സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിച്ചിരിക്കേണ്ടതാണ്. തപാൽ മുഖേനയാകുന്ന കാലതാമസത്തിന് ടെണ്ടർ ക്ഷണിക്കുന്ന അധികാരി ഉത്തരവാദിയായിരിക്കുന്നതല്ല. അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ഓൺലൈനായി എല്ലാ രേഖകളും സമർപ്പിക്കുകയും എന്നാൽ നിശ്ചിത സമയത്തിനകം ഹാർഡ്കോപ്പി സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന കരാറുകാരുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്.

6. പഞ്ചായത്ത് നിർദ്ദേശിക്കുന്ന പക്ഷം കരാർ വയ്ക്കുന്ന സമയത്ത് പെർഫോമൻസ് ഗ്യാരണ്ടി വയ്ക്കേണ്ടതും പ്രസ്തുത ഗ്യാരണ്ടി തുക പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം തിരികെ നൽകുന്നതുമാണ്. പെർഫോമൻസ് ഗ്യാരണ്ടി തുക നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ട്രഷറി എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളായോ, പഞ്ചായത്തിൽ പണമായി ഒടുക്കിയോ നൽകാവുന്നതാണ്. ഇതു കൂടാതെ കരാർ തുകയുടെ 5 ശതമാനം തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും ഒടുക്കേണ്ടതാണ്.
7. ഇ-ദർഘാസ് സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാനുവൽ പ്രകാരവും, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരവും , ഇ - ടെണ്ടർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും , കാലാകാലങ്ങളിൽ ഉണ്ടാകുന്ന സർക്കാർ ഉത്തരവുകൾ , ഭേദഗതികൾ എന്നിവ ഇതിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.
8. ഇ-ദർഘാസ് സ്വീകരിക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് സ്വീകരിക്കുന്നതാണ്.
9. ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് പെർഫോമൻസ് ഗ്യാരണ്ടി നൽകേണ്ടതാണ്. ഗ്യാരണ്ടി കാലാവധിക്കുള്ളിൽ തകരാറിലാകുന്ന ബൾബുകൾ സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിന് തിരികെ ലഭ്യമാക്കി 3 ദിവസത്തിനുള്ള മാറ്റി നൽകേണ്ടതാണ്.
10. ടെന്റർ അംഗീകരിക്കുന്നതിനും മാറ്റി വയ്ക്കുന്നതിനും റദ്ദാക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.
11. കരാറിലേർപ്പെട്ട ശേഷം അതിൽ നിന്ന് പിന്മാറുകയോ സാധനങ്ങൾ വിതരണം ചെയ്യാൻ താമസിക്കുകയോ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്താലോ ആ ടെണ്ടർ നിരസിക്കുകയും തന്മൂലം ഉണ്ടാകുന്ന നഷ്ടം കരാറെടുത്ത വ്യക്തി നൽകേണ്ടതും, കൂടാതെ ടി വ്യക്തിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ടി പരാതി ജില്ലാകളക്ടർക്കും സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിനും നൽകി നിയമനടപടികൾ സ്വീകരിക്കുന്നതാണ്.
12. ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം ഏതെങ്കിലും സാധനങ്ങളുടെ സാമ്പിൾ സമർപ്പിക്കണമെങ്കിൽ അത് ഒരു മുദ്രവെച്ച മറ്റൊരു കവറിൽ സമർപ്പിക്കുകയും കൂടാതെ ടി സാമ്പിൾ സമർപ്പിച്ചാൽ ഉള്ള അനുബന്ധ ചെലവുകൾ വ്യക്തി വഹിക്കേണ്ടതാണ്. കൂടാതെ ഇവ തിരിച്ചു നൽകാനും നൽകാതിരിക്കാനും പഞ്ചായത്തിന് അധികാരമുള്ളതായിരിക്കും.
13. ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ ടി വസ്തുക്കൾക്ക് യാതൊരു വിധത്തിലുള്ള വിലവ്യത്യാസം അംഗീകരിക്കുന്നതല്ല.
14. ടെണ്ടർ സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സ.ഉ(പി) 259/2010 തസ്വഭവ തി. 08.10.2010) സ്റ്റോർപർച്ചേസ് മാന്വലും എല്ലാ സർക്കാർ നിബന്ധനകളും ഉത്തരവുകളും ബാധകമായിരിക്കും.

VAZHAKKAD GRAMAPANCHAYAT * OFFICE * VAZHAKKAD P.O. 673 640